പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1975 — 14.07.2011- ലെ മറുപടി

## ഇന്ധനവില വർദ്ധനവിന്റെ പ്രത്യാഘാതങ്ങൾ

ചോദ്യം — ഉത്തരം

ശ്രീ.കോടിയേരി ബാലകൃഷ്ണൻ

ശ്രീ.എസ്.ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | ഇന്ധനവില വർദ്ധനവിന്റെ ഭാഗമായി സംസ്ഥാനത്തെ കെ.എസ്.ആർ.ടി.സി സർവ്വീസുകൾ പ്രതിസന്ധിയിലാകുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | (എ) | പരിശോധിച്ചിട്ടുണ്ട്. |
| (ബി) | ഇന്ധനവില വർദ്ധനവിന് മുമ്പ് സംസ്ഥാനത്ത് എത്ര ബസുകൾ എത്ര കിലോമീറ്ററുകളിൽ സർവ്വീസ് നടത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; | (ബി) | ഇന്ധനവില വർദ്ധനവിന് മുമ്പ് (ജൂൺ 24-ാം തീയതി) സംസ്ഥാനത്ത് ശരാശരി 4,673 ബസ്സുകൾ 15,03,685 കി.മീറ്റർ ദൂരം സർവ്വീസ് നടത്തിയിട്ടുണ്ട്. |
| (സി) | ഇന്ധനത്തിന്റെ അവസാനത്തെ വിലവർദ്ധനവ് കെ.എസ്.ആർ.ടി.സി യെ ഏതെല്ലാം തരത്തിൽ ബാധിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ; | (സി) യും (ഡി) യും | 3-1-2010 ൽ ഡീസലിന്റെ നിരക്ക് 33.33 രൂപയിൽ നിന്നും 38.40 രൂപ ആയി വർദ്ധിപ്പിച്ചതിനെ തുടർന്ന് (വർദ്ധനവ് ലിറ്ററിന് 5.07 രൂപ). 8-3-2010 ൽ ടിക്കറ്റ് നിരക്ക് വർദ്ധിപ്പിക്കുകയുണ്ടായി. തുടർന്ന് 26-6-10 ൽ ഒരു ലിറ്റർ ഡീസലിന് 2.33 രൂപയുടെ വർദ്ധനവ് ഉണ്ടായതിനെതുടർന്ന് 38.40 രൂപയിൽ നിന്നും 40.73 രൂപ ആയി വർദ്ധിക്കുകയുണ്ടായി. അവസാനമായി 25-6-2011 ൽ ഡീസൽ വില 43.73 രൂപയായി വർദ്ധിപ്പിച്ചിരിക്കുകയാണ്. തന്മൂലം 26-6-2010 ലെ വർദ്ധനവ് ഉൾപ്പെടെ പ്രതിദിനം ഒരു ലിറ്റർ ഡീസലിന് 5.33 രൂപയും, മാസത്തിൽ 7 കോടി |

| | | | |
|---|---|---|---|
| | | | 20 ലക്ഷം രൂപയും കോർപ്പറേഷന് അധിക ചെലവ് ഉണ്ടാകുന്നു. പ്രതിമാസ വരവും, ചെലവും തമ്മിൽ 40 കോടി രൂപ വ്യത്യാസത്തിൽ പ്രവർത്തിക്കുന്ന കെ.എസ്.ആർ.ടി.സിക്ക് ഇപ്പോഴത്തെ ഡീസൽ വില വർദ്ധനവ് മൂലം ടിക്കറ്റ് നിരക്ക് വർദ്ധിപ്പിക്കാതെ മുന്നോട്ട് നടത്തികൊണ്ടുപോകാൻ കഴിയാത്ത സാഹചര്യമാണ് സംജാതമായിരിക്കുന്നത്. |
| (ഡി) | പ്രസ്തുത പ്രതിസന്ധി മറികടക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വെളിപ്പെടുത്താമോ? | | |

സെക്ഷൻ ഓഫീസർ